(സി) സാമൂഹ്യവിരുദ്ധരുടെ സംഘടിതവും അല്ലാതെയുമുള്ള അക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് അത്തരക്കാരെ റൗഡി ഹിസ്റ്ററി ലിസ്റ്റുകളിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിക്കുകയും മുൻകരുതൽ അറസ്റ്റ്, നല്ല നടപ്പ് തുടങ്ങി (സി. ആർ. പി. സി. 107, 110) നിയമാനുസൃതമായ പ്രതിരോധ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പോലീസ് പട്രോളിംഗ്, ഡേ ബീറ്റ്, നൈറ്റ് ബീറ്റ്, തുടങ്ങിയവ ശക്തമാക്കുകയും സംഘടിത പ്രവർത്തനങ്ങൾ എന്ന് സംശയമുള്ള സ്ഥലങ്ങളിൽ പോലീസിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

(ഡി) ഫലപ്രാപ്തി കണ്ടുവരുന്നു.

(ഇ) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(എഫ്) ഗുണ്ടാ-മാഫിയാ സംഘങ്ങൾക്ക് പോലീസിൽ സ്വാധീനവും ബന്ധവുമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി

*23 [22] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:

,, വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, സി. മമ്മൂട്ടി:

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമന നിരോധനം നീക്കിക്കൊണ്ട് തീരുമാനം എടുത്തിട്ടുണ്ടെങ്കിലും വിവിധ വകുപ്പുകളിൽ ആയിരക്കണക്കിന് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ, ബി) 19-11-2003-ലെ സ.ഉ.(പി) നമ്പർ 34/03/ഉഭപവ പ്രകാരം സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ നികത്തുന്നതിന് ഏർപ്പെടുത്തിയിരുന്ന വിലക്കുകൾ 1-12-2003 മുതൽ നീക്കം ചെയ്യുകയും ഒഴിവുകൾ ശ്രദ്ധാപൂർവ്വം കണക്കാക്കി 1-12-2003-ന് ശേഷം പി. എസ്. സി. ക്ക് റിപ്പോർട്ടുചെയ്യണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly